**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **14-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ വ്യക്തികൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് രൂപം കൊടുക്കുകയുണ്ടായി. സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ബോധവത്കരണ/ലോൺ/ സബ്സിഡി മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ വർഷവും തദ്ദേശ സ്വയംഭരണ തലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് സംരംഭകത്വ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. വ്യവസായ വാണിജ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഒരു സംയുക്ത സംരംഭമാണ് *ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം* (OLOP) പദ്ധതി. ആഗോള വിപണി ലക്ഷ്യമാക്കി തനതായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഗണ്യമായ വരുമാനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു തദ്ദേശ സ്ഥാപനത്തിന് 50,000/- രൂപ വരെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. *പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും* എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ പ ദ്ധതിയ്ക്ക് |

| | | | |
|---|---|---|---|
| | | | 18 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 640 ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ വനിത സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പൊതുവിഭാഗത്തിൽ 6,00,000/- രൂപയും പട്ടിക വിഭാഗത്തിൽ 6,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയ്ക്കായി പൊതു വിഭാഗത്തിൽ 7,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ ചെറുകിട വ്യവസായ സംരംഭം ആരംഭിക്കുന്നതിനായി പൊതുവിഭാഗത്തിൽ 5,00,000/- രൂപയും ചെറുകിട വ്യവസായ സംരംഭം വനിതാ വിഭാഗത്തിൽ 4,50,000/- രൂപയും, പട്ടികജാതി വനിതാ വിഭാഗത്തിൽ 3,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ